**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 712** **10-02-2025 - ൽ മറുപടിയ്ക്ക്**

**റെഗുലേറ്ററി കമ്മീഷന്റെ 10/05/2023 ലെ ഉത്തരവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. പി. അനിൽ കുമാർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | എ) 2003-ലെ വൈദ്യുതി നിയമത്തിലെ വകുപ്പ് 108 പ്രകാരമുള്ള അധികാരം വിനിയോഗിച്ചുകൊണ്ട് റെഗുലേറ്ററി കമ്മീഷന്റെ 10/05/2023 ലെ ഉത്തരവ് പുന:പരിശോധിക്കാൻ നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ എന്നാണ് ഈ നിർദേശം നൽകിയത് എന്ന് വ്യക്തമാക്കാമോ; | (എ) | ഉണ്ട്, 2023 ഒക്ടോബർ 10-ന് സംസ്ഥാന ഗവൺമെന്റ് വൈദ്യുതി നിയമത്തിലെ വകുപ്പ് 108 പ്രകാരം പൊതുതാൽപര്യം കണക്കിലെടുത്ത് 10.05.2023-ലെ ദീർഘകാല കരാറുകൾ റദ്ദാക്കിക്കൊണ്ടുള്ള ബഹു.വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഉത്തരവ് പുന:പരിശോധിക്കാനും/വീണ്ടും പരിഗണിക്കാനും റെഗുലേറ്ററി കമ്മീഷനോട് നിർദ്ദേശിച്ചു. ഇതിനെ തുടർന്ന 29.12.2023 ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കരാറുകൾ പുന:സ്ഥാപിക്കുകയുമാണ് ഉണ്ടായത്. എന്നാൽ ഉത്പാദകർ മേൽ ഉത്തരവ് അനുസരിച്ച് വൈദ്യുതി നൽകാൻ തയ്യാറായില്ല. അവർ APTEL-നെ 30.01.2024 ൽ സമീപിക്കുകയും കെ.എസ്.ഇ.ബി.യുടെ വാദം അംഗീകരിക്കാതെ APTEL, ജനറേറ്റർമാർക്ക് അനുകൂലമായി 26.07.2024-ന് വിധി പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിനെതിരെ കെ.എസ്.ഇ.ബി.ലിമിറ്റഡ് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 30.09.2024-ന് APTEL ന്റെ വിധി ശരിവയ്ക്കുകയാണുണ്ടായെങ്കിലും 10.05.2023 ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിനെതിരെ അപ്പീൽ പോകാനുള്ള അനുമതി നൽകുകയും ചെയ്തു. കരാറുകൾ റദ്ദാക്കിയതുമായി ബന്ധപ്പെട്ട കെ.എസ്.ഇ. ബി.ലിമിറ്റഡ് നൽകിയ ഹർജി നിലവിൽ APTEL ന്റെ പരിഗണനയിൽ ആണ്. പൊതു താല്പര്യം മുൻനിർത്തിയുള്ള നയപരമായ നിർദ്ദേശം സംസ്ഥാന റഗുലേറ്ററി കമ്മീഷനു നൽകാൻ മാത്രമേ 2003-ലെ വൈദ്യുതി നിയമം 108 വകുപ്പ പ്രകാരം സർക്കാരിന് സാദ്ധ്യമാകുകയുള്ളൂ. ടി നിർദ്ദേശം ഈവിഷയത്തിൽ നൽകിയിട്ടുണ്ട്. |
| (ബി) | ബി) റെഗുലേറ്ററി കമ്മീഷൻ ദീർഘകാല കരാർ റദ്ദാക്കുന്ന സാഹചര്യത്തിൽ, പൊതുതാല്പര്യം | (ബി) | ഉണ്ട്, 2023 ഒക്ടോബർ 10-ന് സംസ്ഥാന ഗവൺമെന്റ് വൈദ്യുതി നിയമത്തിലെ വകുപ്പ് 108 പ്രകാരം |

| | | | |
|---|---|---|---|
| | മുൻനിർത്തി സർക്കാരിന്റെ അധികാരം വിനിയോഗിച്ചുകൊണ്ടു റെഗുലേറ്ററി കമ്മീഷന്റെ നടപടിയെ തടയാൻ സാധിക്കുമായിരുന്നു എന്ന് കരുതുന്നുണ്ടോ ; എങ്കിൽ ഇങ്ങനെ ചെയ്യാത്തതിന്റെ കാരണം വിശദമാക്കാമോ? | | പൊതുതാൽപര്യം കണക്കിലെടുത്ത് 10.05.2023-ലെ ദീർഘകാല കരാറുകൾ റദ്ദാക്കിക്കൊണ്ടുള്ള ബഹു.വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ഉത്തരവ് പുന:പരിശോധിക്കാനും/വീണ്ടും പരിഗണിക്കാനും റെഗുലേറ്ററി കമ്മീഷനോട് നിർദ്ദേശിച്ചു. ഇതിനെ തുടർന്നു 29.12.2023 ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് പ്രകാരം കരാറുകൾ പുന:സ്ഥാപിക്കുകയുമാണ് ഉണ്ടായത്. എന്നാൽ ഉത്പാദകർ മേൽ ഉത്തരവ് അനുസരിച്ച് വൈദ്യുതി നൽകാൻ തയ്യാറായില്ല. അവർ APTEL-നെ 30.01.2024 ൽ സമീപിക്കുകയും കെ.എസ്.ഇ.ബി.യുടെ വാദം അംഗീകരിക്കാതെ APTEL, ജനറേറ്റർമാർക്ക് അനുകൂലമായി 26.07.2024-ന് വിധി പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിനെതിരെ കെ.എസ്.ഇ.ബി.ലിമിറ്റഡ് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചു. എന്നാൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 30.09.2024-ന് APTEL ന്റെ വിധി ശരിവയ്ക്കുകയാണുണ്ടായെങ്കിലും 10.05.2023 ലെ റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവിനെതിരെ അപ്പീൽ പോകാനുള്ള അനുമതി നൽകുകയും ചെയ്തു. കരാറുകൾ റദ്ദാക്കിയതുമായി ബന്ധപ്പെട്ട കെ.എസ്.ഇ. ബി.ലിമിറ്റഡ് നൽകിയ ഹർജി നിലവിൽ APTEL ന്റെ പരിഗണനയിൽ ആണ്. പൊതു താല്പര്യം മുൻനിർത്തിയുള്ള നയപരമായ നിർദ്ദേശം സംസ്ഥാന റഗുലേറ്ററി കമ്മീഷനു നൽകാൻ മാത്രമേ 2003-ലെ വൈദ്യുതി നിയമം 108 വകുപ്പ് പ്രകാരം സർക്കാരിന് സാദ്ധ്യമാകുകയുള്ളൂ. ടി നിർദ്ദേശം ഈവിഷയത്തിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ